കെപ്കോ റെസ്റ്റോറന്റ് എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കുന്നതിന് നടപടി

150(1407) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോയുടെ ആസ്ഥാനത്ത് ആരംഭിച്ചതുപോലെ റെസ്റ്റോറന്റും, കോഴിയിറച്ചി വിൽക്കുന്നതിനുള്ള സ്റ്റാളും കേരളത്തിലെ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കോഴി ഇറച്ചിയുടെയും മുട്ടയുടെയും ഉപയോഗം വർദ്ധിക്കുകയും, അന്യസംസ്ഥാനങ്ങളിൽ നിന്ന് വൻതോതിൽ ഇവ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം ഫാമുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെപ്കോയുടെ റസ്റ്റോറന്റ് രണ്ടാം ഘട്ടത്തിൽ കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിൽ ആരംഭിക്കാനും ആറ്റിങ്ങൽ, നെടുമങ്ങാട്, പേട്ട, നാലാഞ്ചിറ തുടങ്ങിയ സ്ഥലങ്ങളിൽ ഏജൻസികൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ദൂരെ സ്ഥലങ്ങളിലേക്ക് കേടു കൂടാതെ ഇറച്ചി കൊണ്ടു പോകാനുള്ള സഞ്ചരിക്കുന്ന ശീതീകരണ യൂണിറ്റും ഇപ്പോൾ തയ്യാറായിട്ടുണ്ട്. ഇവയുടെ പ്രവർത്തന വിജയം വിലയിരുത്തിയ ശേഷം മാത്രമേ മറ്റു താലൂക്ക് കേന്ദ്രങ്ങളിൽ ഏജൻസികൾ/സ്റ്റാളുകൾ തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കാനാകൂ.

(ബി) സ്വീകരിക്കാവുന്നതാണ്. മുട്ടക്കോഴികളെയും ഇറച്ചിക്കോഴികളെയും ആഭ്യന്തരമായി സംസ്ഥാനത്തെ കർഷകർ മുഖേന വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2006-07 ലാണ് ഇന്റഗ്രേഷൻ ഫാമുകൾ ശക്തിപ്പെടുത്താൻ കോർപ്പറേഷൻ തീരുമാനിച്ചത്. കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും മരുന്നും കർഷകർക്കുനൽകി അതിനെ പരിചരിക്കുന്നതിനാവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥരുടെ സഹായവും ലഭ്യമാക്കി 45-60 ദിവസമാകുമ്പോൾ കോർപ്പറേഷൻ തന്നെ തിരികെ എടുക്കുന്നതിനാൽ കർഷകർക്ക് യാതൊരു ബാധ്യതയും എടുക്കേണ്ടി വരുന്നില്ല. ഇന്ന് 60 ഇന്റഗ്രേഷൻ ഫാമുകൾ മുഖേന 90000 ഇറച്ചിക്കോഴികളെയും 250000 മുട്ടക്കോഴികളെയും വളർത്താനാവശ്യമായ സൗകര്യം കോർപ്പറേഷനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly